- ഞാൻ സ്ത്രീ
- ഡോക്ടറോട്
- സെമിനാർ
- തിരിച്ചറിവ്
- അറിവാണായുധം

തിരിച്ചറിവ്

(വനിതാകലാജാഥാ സ്ക്രിപ്റ്റുകൾ)

തിരിച്ചറിവ് □ വനിതാകലാജാഥാ സ്ക്രിപ്റ്റുകൾ □ പ്രസാധനം, വിതര
: കേരള ശാസ്ത്ര സാഹിത്യപരിഷത്ത്, തൃശൂർ 680 002 □ നാലാംപതിപ്പ്
ബർ, 1989 □ അച്ചടി : സോഷ്യൽ സയൻറിസ്റ്റ് പ്രസ്, തിരുവന
ില : 1.00 രൂപ.

Vanithakalajatha scripts □ Published & distributed by:
Sahithya parishad, Trichur 680 002 □ fourth Edition
Printing: Social Scientist Press, Trivandrum □ Price:

IVE Oct.'89 1.5 K 100 LL 20/W/89

ഞാൻ സ്ത്രീ

(സംഗീത ശില്പം)

അറിയുമോ........അറിയുമോ........അറിയുമോ....
ഒരുനൂറു ജന്മങ്ങളായ് കരിന്തിരി കത്തി
ഒടുവിൽ പിടഞ്ഞണഞ്ഞോർ
ഒരു കാലിലെ ചിലമ്പൂരി ശപിച്ചെറിഞ്ഞ്
ഒടുവിലീ പുരമെരിക്കും

അറിയുമോ നീയെന്നെ
അറിയുമോ നീയെന്നെ
അറിയുമോ നിങ്ങളെന്നെ
മകളായ് ഭാര്യയായ് പെങ്ങളായ് അമ്മയായ്
ജന്മങ്ങളം തള്ളുമെന്നെ!

പലകാലമായ് അമർന്നെരിയുന്ന
തീയുമായ് പകയുമായ്
കാത്തുനില്പൂ
നിലനില്ക്കുമീ കുടില നീതിയുടെ
മസ്തകം കുത്തി–
പ്പിളർന്ന നിൻ രക്തതിലകത്തിനായ്
മൂർദ്ധാവുയർത്തിനില്പൂ
ഈ കണ്ണുകളുയർത്തിനില്പൂ
ഈ കയ്യുകളുയർത്തിനില്പ്പൂ
അറിയുമോ നീയെന്നെ?
അറിയുമോ നീയെന്നെ? അറിയുമോ നിങ്ങളെന്നെ?

വഴിവക്കിലെ ചതിക്കുഴികളിൽ
വീഴുന്ന പിടയുന്ന പെങ്ങളായ്
പുകയും അടുപ്പുകൾ ചിതകളായ്
തീർന്നതിലെരിയുന്ന ഭാര്യയായ്
ചുമലിൽ തണുത്തതാമൊരു
കുഞ്ഞു ജഡവുമായ്

വരിനിൽക്കുമമ്മായയീ........
ഒരുപാടു കാലമായ് ഒരു ഭേദമില്ലാത്ത
വിലപേശൽ നിയമങ്ങരം കൊത്തിപ്പറിക്കുന്ന
വിപണിയിൽ
വേണ്ടാതെ വേണ്ടാതെ മൂലയിൽ
തിരികെട്ടടങ്ങുമീ മകളായ് നിൽക്കുമ്പോരം
അറിയുമോ നീയെന്നെ
അറിയുമോ നീയെന്നെ
അറിയുമോ നിങ്ങളെന്നെ

തലമുറകരം മാററങ്ങളൂണരും
പ്രചണ്ഡമാം ചിതലരിച്ച ഗോപുരം
കടപുഴക്കും കൊടുങ്കാററുകരം
ഗർഭംധരിച്ചു നിൽക്കുന്നൊരീ
അമര മാതൃത്വങ്ങളേ........
അറിയണം അതു നിങ്ങരം പറയണം
ഞങ്ങളീ ഉലകിൻെറ അമ്മമാർ
ഇടനെഞ്ചുപൊട്ടി കരഞ്ഞുകൊണ്ടലറുന്നു
ഒരു കാലിലെ ചിലമ്പൂരി
ശപിച്ചെറിഞ്ഞൊടുവിലീ
പുരമെരിക്കും
അറിയുമോ നീയെന്നെ
അറിയുമോ നീയെന്നെ
അറിയുമോ നിങ്ങളെന്നെ?

(ഗാനം, ശില്പം: കരിവെള്ളൂർ മുരളി)

ഡോക്ടറോട്

(ലഘുനാടകം)

നരേഷൻ: ഡോക്ടർ മനോമോഹന സുന്ദരൻ

SSLC, PDC, BSc, MBBS, ABCD

ടോക്കൺ അനുസരിച്ച് വന്നുകൊള്ളണം.

ഞാൻ കമ്പൗണ്ടർ കുട്ടപ്പൻ 1 2 3 4, SSLC, PDC

കുട്ടപ്പൻ: ബഹളം ഉണ്ടാക്കല്ലേ, എന്താണ് എന്താണ് ടോക്കൺ, ടോക്കൺ, നമ്പർപ്രകാരം. മിണ്ടരുത്........എനിക്കറിയാം,

(ഡോക്ടർ വരുന്നു.)

ഡോക്ടർ: കുട്ടപ്പാ, എത്ര?

കുട്ടപ്പൻ: ടോക്കൺ മുഴുവൻ തീർന്നിരിക്കുന്നു.

ഡോക്ടർ: 45 നു മുകളിൽ എത്ര?

കുട്ടപ്പൻ: 12

ഡോക്ടർ: 12 × 2 = 24. ഗർഭപാത്രം 24000

ഗർഭംഎത്ര?

ഏഴായിരം.

ഏഴേ ഉള്ളോ?

കീറൽ ഏഴായിരം. മോശം.

16നു താഴെ എത്ര?

18.

ഡോക്ടർ: വരാൻ പറയൂ.

കുട്ടപ്പൻ: ലക്ഷ്മി 48 വരൂ.

ലക്ഷ്മി: വയറുവേദന.

ഡോക്ടർ: ഹിസ്ട്രക്ടമി, ഗർഭപാത്രം നീക്കം ചെയ്യണം. 40 കഴിഞ്ഞാൽ സ്ത്രീകൾക്ക് ഗർഭപാത്രം ആവശ്യമില്ല.

കുട്ടപ്പൻ: ഗർഭപാത്രം ഓപ്പറേഷൻ ചെയ്തു മാററണം.

ഡോക്ടർ: അതിനിവിടെ സൗകര്യമുണ്ട്.

കുട്ടപ്പൻ: അതിനുമുമ്പ് 3 ദിവസം ഈ മരുന്നുകൾ കഴിക്കണം. പേടിക്കണ്ട, മരിക്കില്ല.

ഡോക്ടർ: അടുത്തയാൾ.

കുട്ടപ്പൻ: രുഗ്മിണി 25

ഡോക്ടർ: ഗർഭം, സൂക്ഷിക്കണം!

ആഴ്ചയിൽ, ആഴ്ചയിൽ ഇവിടെ വന്ന് പരിശോധിക്കണം. രാവിലെ ഭക്ഷണത്തിനുമുമ്പ് ഭക്ഷണത്തിനുശേഷം, കാപ്പിക്ക് മുമ്പ്, ശേഷം ,ഉച്ചക്ക്, ഭക്ഷണത്തിനുമുമ്പ്, ശേഷം.

കുട്ടപ്പൻ: രാത്രി കിടക്കുന്നതിനു മുമ്പ്, ശേഷം. ഒന്നും തെററിക്കരുത്, ഗർഭമാണ്.

ഡോക്ടർ: നല്ല നാളുനോക്കി ശുഭസമയങ്ങളിൽ പ്രസവിക്കാൻ സൗകര്യമുണ്ട്.

(അടുത്തയാൾ സുലേഖ–15–കൗമാരം. അമ്മ കൊണ്ടുവരുന്നു.)

ഡോക്ടർ: കുട്ടി ഇങ്ങോട്ടു മാറിനിൽക്കൂ.

കുട്ടപ്പൻ: അമ്മ പിടിച്ചോളൂ

ഡോക്ടർ: ഉറക്കത്തിൽ സ്വപ്നം കാണാറുണ്ടോ?

അമ്മ: ഉണ്ടോടീ, കാണാറുണ്ടോ?

വായ് തുറന്നു പറയെടീ

ഡോക്ടർ: ദിവസം ഓരോ മണിക്കൂർ ഇടവിട്ട് കഴിക്കണം ഒരുകൊല്ലം കഴിക്കണം.

അമ്മ: ഒരു കൊല്ലമോ? കുറച്ച് വിലയുള്ള മരുന്നുമതി.

കുട്ടപ്പൻ: മറിയം 62 ആരാ

ചെവി കേൾക്കില്ലേ? ഇങ്ങോട്ടുവരൂ.

(പ്രായാധിക്യം)

ഡോക്ടർ: വായ് പൊളിക്കൂ, നാവു നീട്ടൂ.

സ്ത്രീ: കുറച്ചേ ഉള്ളോ?

കുട്ടപ്പൻ : 8 ഉറുപ്പിക കുറവാ

സ്ത്രീ: മരുന്നില്ലേ? ഇനി എന്തോരം ഞാൻ ഉണ്ടാക്കണം?

കുട്ടപ്പൻ: മുകളിൽ കുറിച്ചത് രക്തം ഉണ്ടാകാനാ.

ഡോക്ടർ: അടുത്തയാാം

ഇത് ഒരു നാടകം മാത്രം

പക്ഷേ ഇതിൽ യാഥാർത്ഥ്യത്തിന്റെ ഘടകങ്ങൾ ഏറെയില്ലേ? കച്ചവടക്കണ്ണുടയിട്ട നമ്മുടെ വൈദ്യസ്ഥാപനങ്ങൾ സ്വാഭാവികമായ ഗർഭത്തെ രോഗമാക്കുന്നു. ഗർഭപാത്രത്തെ നീക്കം ചെയ്യേണ്ട ഒരനാവശ്യഅവയവമാക്കുന്നു.

കൗമാര പ്രായക്കാരിയായ ഈ അനിയത്തിയുടെ ജീവിത സാഹചര്യങ്ങൾ ആകെ അവഗണിച്ച് അവളെ മാനസിക രോഗിയാക്കുന്നു. ജീവിതഭാരം പേറി നടുകുനിഞ്ഞ ഈ മുത്തശ്ശിക്ക് അനാവശ്യ മരുന്നുകളുടെ സംഭ്രമിപ്പിക്കുന്ന പട്ടിക. ഞങ്ങൾ ശസ്ത്രക്രിയയുടെ ആവശ്യകതയെ, അനുയോജ്യമായ ചികിത്സാവിധികൾ സ്വീകരിക്കാനുള്ള അധികാരത്തെ, ചോദ്യം ചെയ്യുന്നില്ല. പക്ഷേ ആധുനിക ശാസ്ത്രത്തിന്റെ സിദ്ധികൾ സ്ത്രീത്വത്തെ ചൂഷണം ചെയ്യാനുപയോഗിക്കുന്ന ഈ രീതി മാറിയേ തീരൂ.

(എൻ. കെ. ഗീത)

സെമിനാർ

(ലഘുനാടകം)

(രണ്ടു സൊസൈററി ലേഡികൾ കടന്നുവരുന്നു.)

ഹലോ Mrs മേനോൻ ഇന്നലെ ഷോപ്പിങ്ങിന് വരാമെന്നു പറഞ്ഞിട്ടെന്തേ വരാഞ്ഞത്?

Mrs മേനോൻ : ഞാനും എന്റെ ഹബ്ബിയും കൂടെ ഒന്നു ഫിലിമിനു പോയി.

Mrs കുറുപ്പ്: which film?

Mrs മേനോൻ: Golden Gun

Mrs കുറുപ്പ്: oh I see, ഇററ്സ് എ ഗുഡ് ഫിലിം.

Mrs മേനോൻ: മിസിസ് കുറുപ്പ് വല്ലാതെ ററയേഡ് ആണല്ലോ എന്തുപററി?

Mrs കുറുപ്പ്: ഞാനിപ്പോരം ഡയററിലാണ്, ഞാൻ സ്ലിം ആവുന്നതാണെൻെറ ഹബ്ബിക്കിഷ്ടം.

(മൂന്നാലുപേർ പരസ്പരം വിഷ് ചെയ്തുകൊണ്ട് കടന്നുവരുന്നു. ഒന്നാം സെമിനാറിൻെറ അദ്ധ്യക്ഷ വരുന്നു.)

ഗ്രൂപ്പ്: ഹായ്, ഹലോ........എന്നിങ്ങനെ

ഇരിക്കൂ ഇരിക്കൂ, വനിതാരത്നം മാസിക അവതരിപ്പിക്കുന്ന ഈ സെമിനാറിലേക്ക് നിങ്ങരംക്ക് സ്വാഗതം. ഇന്നത്തെ നമ്മുടെ വിഷയം ഭക്ഷണമേശ എങ്ങനെ ഭംഗിയായി അലങ്കരിക്കാമെന്നുള്ളതാണ്. ഈ വിഷയത്തെക്കുറിച്ച് കഴിഞ്ഞ 5 വർഷമായി റിസർച്ചു നടത്തിക്കൊണ്ടിരിക്കുന്ന Mrs കുറുപ്പെന്തുപറയുന്നു.

ഓരോരുത്തരായി

1. ഫുഡിൻെറ അതേ കളറായിരിക്കണം ടേബിരം ക്ലോത്തിനും.
2. ഫുഡിൻെറ അതേ നിറമായിരിക്കണം വിൻഡോ കർട്ടനും.
3. ഫുഡിൻെറ അതേനിറംതന്നെയാവണം സാരിക്കും.
4. ,, ,, സ്പൂണുകരംക്കും
5. ,, ,, നെയിൽ പോളിഷിനും.

രണ്ടാം സെമിനാർ—

പെൺമണി മാസിക അവതരിപ്പിക്കുന്ന ഈ സെമിനാറിലേക്ക് നിങ്ങരംക്കെല്ലാവർക്കും സ്വാഗതം. ഇന്നത്തെ നമ്മുടെ വിഷയം മുടിയെങ്ങനെ ഭംഗിയായി കെട്ടിവെക്കാം എന്നതിനെക്കുറിച്ചാണ്.

മൂന്നാം സെമിനാർ:—

ഇന്നത്തെ നമ്മുടെ വിഷയം, 1 കി.ഗ്രാം വെളിച്ചെണ്ണയിൽ എങ്ങനെ 100 ഗ്രാം മുരിങ്ങയില വറുക്കാം എന്നതിനെക്കുറിച്ചാണ്.

ഒരു വനിത കടന്നുവരുന്നു.

സോറി അയാം വെരി സോറി,

ഞാനിന്നൽപം ലേററായി.

ഗ്രൂപ്പ്: വാട്ട് ഹാപ്പെൻഡ് ടു യു?

വനിത: എന്റെ പപ്പി, എന്റെ പട്ടിക്കുട്ടി (വിതമ്പുന്നു)

ഗ്രൂപ്പ്: പട്ടിക്കുട്ടിക്കെന്തുണ്ടായി

വനിത: എന്റെ പട്ടിക്കൊരു ജലദോഷം.

ഗ്രൂപ്പ്: ഓ............

നാലാം സെമിനാർ

നമ്മുടെ ഇന്നത്തെ ചർച്ച, കയർമേഖലയിലെ പ്രതിസന്ധിയെക്കുറിച്ചാണല്ലോ. കഴിഞ്ഞ 5 വർഷമായി ഈ വിഷയത്തെക്കുറിച്ച് ഗവേഷണം നടത്തിവരുന്ന Mrs മാത്യു, നിങ്ങളോടു സംസാരിക്കുന്നു.

നമസ്കാരം.... ....

കഴിഞ്ഞ 5 വർഷമായി ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന ഞാൻ ചില പ്രത്യേക നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്.

1. രാവിലെ ബ്രേയ്ക്ക്ഫാസ്ററിൽ 2 eggs, രണ്ടു മുട്ട, ഒരു ബനാന, ഒരു നേന്ത്രപഴം, വൺഗ്ലാസ് മിൽക്കും കഴിക്കണം.

   ഗ്രൂപ്പ്: അയ്യോ, അവരതൊന്നും കഴിക്കാറില്ലേ?

   നോ നോ

ഗ്രൂപ്പ്: വണ്ടർഫുൾ, വണ്ടർഫുൾ

2. പതിനൊന്നു മണിക്ക് 4 ബദാം പരിപ്പു കലക്കിയ പാൽ

ഗ്രൂപ്പ്: yes yes.

3. ഉച്ചക്ക്, ലഞ്ചിന് ഇറച്ചിയും ഫിഷും നിർബന്ധമായും ഉണ്ടാവണം.

4. കൃത്യം 4 മണിക്ക് ഫോർ കാഷ്യൂനട്ട്സ്, അണ്ടിപരിപ്പ് ചേർത്ത മിൽക്ക്

ഓ, അയാം വെരി സോറി

ഐ ഫോർഗോട്ട് ആൻ ഇംപോർട്ടന്റ് തിങ്. ഞാൻ മറന്നുപോയി

ശരീരത്തിൽ കഴിയുന്നത്ര വസ്ത്രം കുറച്ച് സൂര്യപ്രകാശം നല്ലവണ്ണം കൊള്ളിക്കുക.

ഗ്രൂപ്പ് ഓ........സൺബാത്ത്........

നറേഷൻ: ഇത് കഥയുടെ ഒരു വശം.

ഇനി മറുവശം കാണൂ.

പെട്ടിക്കട: (തിരക്കും ബഹളവും)

ഒരു കെട്ട് ബീഡി

കിളിയോ ഗുസ്തിയോ

കുറച്ചു പഴം

ആ.. .....സാറിന് വിൽസല്ലേ?

4 മണി കഴിഞ്ഞാൽ ഭയങ്കര തിരക്കാ. ഓഫീസ് വിടുന്ന നേരമല്ലേ.

ഒരാൾ: തോമാച്ചാ ഒരു 'രോമാഞ്ചം'.

തോമാച്ചൻ: ഓ, നിങ്ങളിപ്പം വന്നത് നന്നായി. ആയിരം കോപ്പി കൊണ്ടുവന്നതാ. ഇനിയൊരെണ്ണമേ ബാക്കിയുള്ളൂ.

ആശ്വാസം. (പിടിച്ചുവാങ്ങി കക്ഷത്തുവച്ച് കുത്തിയിരിക്കുന്നു. സമയം 5½ കഴിഞ്ഞു.)

ആ റേഡിയോ ഒന്നു വെച്ചേ, നിങ്ങൾ ആവശ്യപ്പെട്ട ചലച്ചിത്രഗാനങ്ങൾ ഉണ്ട്.

തോമാച്ചൻ: ഈ നേരത്താ തൻെറയൊരു പാട്ടുകേക്കൽ.

എന്താ തോമാച്ചാ

നറേഷൻ: ആകാശവാണി, തിരുവനന്തപുരം, തൃശൂർ, ആലപ്പുഴ. നിങ്ങളാവശ്യപ്പെട്ട ചലച്ചിത്രഗാനങ്ങൾ.

റേഡിയോവിലൂടെ പരസ്യം: റോസീ, എൻെറ കൈയിൽ 6 വിരലുകൾ കണ്ട് നീ പേടിച്ചുവോ?

ആ........(ഭയാനക ശബ്ദം).

ആൽത്തറയിലെ ബ്രഹ്മരക്ഷസ്........രോമാഞ്ചം വാരികയിലെ ഏറ്റവും പുതിയ മാന്ത്രിക നോവൽ

(ഭയാനകശബ്ദം)

രണ്ടാമൻ; തോമാച്ചാ ഒരു രോമാഞ്ചം ഇങ്ങുതന്നേ.

തോമാച്ചൻ: തീർന്നു.

രണ്ടാ: അയ്യോ ഞാനിനിയെന്തു ചെയ്യും?

ഞാനിനി എങ്ങനെ വീട്ടിലോട്ടു പോവും?

തോമാച്ചൻ: അയ്യോ നിങ്ങളു കരയാതെ

രണ്ടാമൻ: ഒരു രോമാഞ്ചം....

തോമാച്ചൻ: അയ്യോ കരയല്ലേ,ഞാനെൻെറ വീട്ടിലേക്കു കൊണ്ടുപോവാൻ വച്ച കോപ്പി തരാം.നാളെകാലത്തെത്തിക്കണേ.

(ചാടി വാങ്ങുന്നു. വായിക്കുന്നു.)

കള കളം പൊഴിയുന്ന തീരത്തുകൂടെ മന്ദം മന്ദം നീങ്ങുന്ന റേഷൻ കടയിലേക്കു പോണ സാറാമ്മ(പുസ്തം നക്കുന്നു).

ഡോക്ടറോട്: ഡോക്ടർ ഞാൻ 48 വയസ്സുള്ള മധ്യവയസ്കയാണ്.എൻെറ മുഖത്തുനിറയെ മുഖക്കുരുവാണ് ഞാനെന്തുചെയ്യണം?

മനശ്ശാസ്ത്രജ്ഞനോട്: ഞാനും അടുത്ത വീട്ടിലുള്ള ഒരു യുവാവുമായി പ്രേമത്തിലാണ്. ഞാനെന്തുചെയ്യണം.

വാരഫലം: അശ്വതി, ഭരണി, കാർത്തിക, രോഹിണ്ണി, മകീര്യം. അനാവശ്യ കാര്യങ്ങൾ ആലോചിച്ച് മനസ്സ് ഉഷ്ണിക്കും. മനസ്വസ്ഥത അനുഭവപ്പെടും. വെള്ളി വൈകുന്നേരം കാണുന്ന കിനാവുകളെല്ലാം യാഥാർത്ഥ്യമാവും.

മാന്ത്രികനോവൽ: ആൽത്തറയിലെ രക്തരക്ഷസ്സ്. സമയം അർദ്ധരാത്രി നിലവറയിലെ നിലവിളക്കിന് മുൻപിൽ നിർമ്മല സ്തബ്ധയായി ഇരുന്നു, മന്ത്രികൻ കുട്ടപ്പൻ അലറിയെഴുന്നേററു. അപ്പോൾ—(വീഴുന്നു.)

നറേറർ: പൊള്ളയായ പൊങ്ങച്ച സെമിനാറുകളുടെ, ലോലവികാരങ്ങളുണർത്തുന്ന ബോറൻ കെട്ടുകഥകളുടെ, അശാസ്ത്രീയമായ പംക്തികളുടെ കുരുക്കിൽ കുരുങ്ങി കറങ്ങി മയങ്ങി വീണ ഇയാൾ നമ്മളിലൊരാൾ.

മറെറാരാൾ: നമ്മുടെ അക്ഷരജ്ഞാനത്തിൻെറ മൂർച്ചയുള്ള

വക്കുകളൊടിച്ച് നമ്മെ സത്യത്തിൻേറയും യാഥാർ

ധ്യത്തിൻേറയും പൊള്ളുന്ന മുഖം കാണാൻ കെൽപ്പി ല്ലാത്തവരായി മാററുന്ന, നമ്മെ അബലകളും ചപലക ളും ആക്കുന്ന വിഷക്കനികളെ തിരിച്ചറിയുക.

(ടി. വി. വേണുഗോപാൽ,
പി. ഗംഗാധരൻ)

തിരിച്ചറിവ്

(ലഘുനാടകം)

(കുറച്ചു തൊഴിലാളികൾ കടന്നുവരുന്നു. അവർ കമ്പ നിയിലെ സമരത്തെക്കുറിച്ചു സംസാരിക്കുന്നു.)

ഒരു തൊ: നമ്മൾ ആവശ്യപ്പെട്ടതെത്ര ന്യായമാണ്?

രണ്ടാ: നമ്മുടെ അധ്വാനത്തെ ചൂഷണം ചെയ്തുകൊണ്ടാണ് മുതലാളി തടിച്ചുകൊഴുക്കുന്നത്.

മൂന്നാ: മൂന്നുനേരം പട്ടിണികൂടാതെ ജീവിക്കാനാണ് നമ്മൾ കൂലി കൂടുതൽ ചോദിച്ചത്. എന്നിട്ടും........

(നേതാവിൻെറ ഭാര്യ കടന്നുവരുന്നു.)

ഭാര്യ: ആ, എല്ലാവരുമുണ്ടല്ലോ കമ്പനിയിലെ സമരമെന്തായി....?

ഭർത്താവ്: ഞങ്ങളെ പിരിച്ചുവിട്ടു....

ഭാര്യ: ങേ....

ഭർ: നീ ഇവർക്കെന്തെങ്കിലും കുടിക്കാൻ കൊടുക്കൂ....

മ.തൊ: വേണ്ട സഖാവേ....വേണ്ട ചേച്ചീ....

ഭർ : അപ്പോൾ നമ്മൾ തീരുമാനിച്ചതുപോലെ....നാളെ രാവിലെ കമ്പനി പിക്കററുചെയ്യുന്നു. കമ്പനിയുടെ പ്രവർത്തനം നിലച്ചാലെ അയാൾ പഠിക്കൂ....ഒന്നുകിൽ നമ്മൾ നമ്മുടെ അവകാശം നേടിയെടുക്കും. അല്ലെങ്കിൽ ഒന്നിച്ചു മരിക്കും.

(അവർ പോകുന്നു)

ഭർ : നീ ഇന്നു നേരത്തെ വന്നു.... അല്ലേ?....

ഭാര്യ : ആ ഇന്നു കൂലിദിവസമല്ലേ....നേരത്തേ പണി നിർത്തിപോന്നു.

ഭർ : ആ കമ്പനി ഈ നിലയിലെത്തിക്കാൻ ചോരയും നീരും വിയർപ്പാക്കി മാററിയവരാണീ ഞങ്ങൾ....ലാഭത്തിലൽപ്പം കുറയുമെന്നുവന്നപ്പോൾ അയാളുടെ സംസാരത്തിലൊരു ഹുങ്കും, അഹങ്കാരവും, ആജ്ഞാപിക്കലും....ഹോ....സഹിക്കാൻ വയ്യ.

ഭാര്യ: നമ്മൾ തൊഴിലാളികൾ ഒന്നിച്ചാലെ ഇതിനു പരിഹാരമുണ്ടാവൂ. ഹ....ഞാനത്താഴം കാലമാക്കട്ടെ....

ഭർ : ങ....എനിക്കൊന്നു കുളിക്കണം... നീ കുറച്ചു വെള്ളം കോരിവെയ്ക്ക്.

[ഭർത്താവ് തീപ്പെട്ടി തിരയുന്നു]

ഭർ : ഹോ....ഒരു തീപ്പെട്ടിവെച്ചാലും കാണത്തില്ല....രമണീ നീയൊരു തീക്കൊള്ളിയിങ്ങു കൊണ്ടുവന്നേ....

[ഭാര്യ കൊള്ളി കൊണ്ടുവന്നു....ഭർത്താവ് ബീഡി കത്തിയ്ക്കുന്നു. ഭാര്യ തിരിച്ചുപോകുന്നു]

ഭർ : വെള്ളം കോരിവെച്ചോ?....

[അകത്തുന്നു നിന്ന്]

ഓ....ഇപ്പം കോരിവെയ്ക്കാം.

ഭർ : എടീ നിന്നോടെത്ര നേരമായി പറയുന്നു....കുറച്ചു....

[മുതലാളിയുടെ ശബ്ദം]

ഛീ....ഞാൻ പറയുന്നതനുസരിച്ച് എൻെറ കമ്പനിയിൽ ജോലിചെയ്യാൻ കഴിയില്ലെങ്കിൽ കടന്നുപോകൂ....

എൻെറ ഇഷ്ടത്തിനനുസരിച്ച് ...[3]

ഭർ : രമണീ....എനിക്ക് കാലത്ത് ഒരു കട്ടൻകാപ്പി വേണം ....ഉപ്പു ചേർത്തുപൊടിച്ച ഉമിക്കരിയും ഈർക്കിലിയും ചൂടുവെള്ളവും കിട്ടണം. പല്ലുതേച്ചു കഴിയുമ്പോഴേക്കും കുളിയ്ക്കാൻ ചൂടുവെള്ളം വേണം.കുളിച്ചുകഴിയുമ്പോഴേക്കും പ്രാതൽ ശരിയാവണം....ഞാൻ പറയുന്നതനുസരിച്ച് [3]

രമണീ... ഞാൻ നിനക്കൊരു പുതിയ സാരി കൊണ്ടു വന്നിട്ടുണ്ട്.... എനിക്കിഷ്ടം നീലനിറമാണ്.... എന്റെ ഇഷ്ടത്തിനനുസരിച്ച് [3]

മുത : ഈ കമ്പനിയുടെ രണ്ടാംപിറന്നാൾ ആഘോഷദിനമായ ഇന്ന് ഏററവും നല്ല തൊഴിലാളിയ്ക്കുള്ള സമ്മാനം ഞാൻ നിനക്കു നൽകുകയാണ്. [നൽകുന്നു]

[കൃഷ്ണൻ യാന്ത്രികമായി കൈനീട്ടുന്നു]

കൃഷ്ണാ, നീയാ സമരക്കാരുടേയും പ്രതിഷേധക്കാരുടേയും കൂടെ കൂടരുത്....

എന്റെ ഇഷ്ടത്തിനനുസരിച്ച് [3]

(തിരിഞ്ഞ്)

ഞാനാണീ വീട്ടിലെ നാഥൻ. ഞാൻ പറയുന്നതനുസരിച്ച് ഇവിടത്തെ കാര്യങ്ങൾ നടന്നാൽമതി. ജോലികഴിഞ്ഞ് കൃത്യമായി കാശെന്നെ ഏൽപ്പിക്കണം. അതെങ്ങനെ ചിലവാക്കണമെന്ന് ഞാൻ തീരുമാനിക്കും. [ഇരിയ്ക്കുന്നു] ഞാൻ പറയുന്നതനുസരിച്ച് (3)

കോറസ് : കമ്പനിയിൽ കല്പനകൾ നൽകുന്നതാര്?....

ചൊൽപ്പടിയിലെല്ലാമൊതുക്കുന്നതാര്?........

മുതലാളി (4)

നിൻപുരയിൽ കല്പനകൾ നൽകുന്നതോ?........

ചൊൽപ്പടിയിലെല്ലാമൊതുക്കുന്നതോ?... ....

നീ (4)....

നീ മുതലാളി, മുതലാളി നീ (6)

[ഭർത്താവ് കറങ്ങി വീഴുന്നു]

കോറസ്: ഞങ്ങൾ ആവശ്യപ്പെടുന്നത് ഞങ്ങളുടെ അധ്വാനത്തിന്റെ ന്യായമായ പ്രതിഫലമാണ്.... മുതലാളിയുടെ ഔദാര്യമല്ല. അത് ഞങ്ങൾക്ക് കിട്ടിയേ തീരൂ.

പാട്ട്

പണിശാലയിലെ പോരാട്ടത്തിൻ
എരിതീയിൽ സത്യത്തിൻ
തിളക്കമാർന്ന മുഖം കണ്ടു.

തിളക്കമാർന്ന മുഖം കണ്ടു,
ലാഭമുണ്ടാക്കുന്ന യന്ത്രമല്ലല്ലോ
പണിയാളർ ഞങ്ങൾ....തിരിച്ചറിഞ്ഞു, (2)
അതുപോലെയതുപോലെ ഞാനറിയുന്നു
അടിമപ്പണി ചെയ്യേണ്ട ദാസിയല്ലെൻ തോഴി....
ഇന്നീ സായം സന്ധ്യയിലവളുടെ
പിന്നിയ സാരിയിൽ നൂലോടിയ്ക്കെ
എൻെറ മനസിൽ നവമൊരുബോധം
ചിറകുവിടർത്തുകയായി....
എൻെറ സഖാവിവൾ ഞങ്ങൾ സഖാക്കൾ
ജീവിതം ഒരുപോലെ പങ്കിടേണ്ടോർ
തുല്യാവകാശവും തമ്മിൽ വിശ്വാസവും
നമ്മളെ പോററുന്ന ജീവവായു....

(പ്രൊഫ. പി. ഗംഗാധരൻ)

അറിവാണായുധം

(പരിചമുട്ട് കളി)

ഇരുപത്തൊന്നാം നൂററാണ്ടായിട്ടും
ഈ നമ്മളുമാത്രം
ഇരുളിൽത്തപ്പി കഴിയുകയാണല്ലൊ
തെയ്യ് താരകതെയ് തെയ്
പദ്ധതി പലതും വന്നു കടന്നല്ലൊ
എന്നിട്ടും നമ്മൾ
അക്ഷരമറിയാത്തവരായ് പോയല്ലോ
തെയ്യ് താരക തെയ് തെയ്
ചുററും നിങ്ങൾ നോക്കുവിനീലോകം
മാററത്തിൻ പടവുകൾ ഓർത്താൽ
പ്രാകൃതരിന്നും നാമല്ലോ
തെയ്യ് താരക തെയ് തെയ്

മാളങ്ങളിൽ വാണവരുടെ തലമുറകൾ
ആണല്ലോ യഥേഷ്ടം
ഗോളങ്ങളിൽ സഞ്ചാരം ചെയ്യുന്നോർ
തെയ്യ് താരക തെയ് തെയ്
എന്നിട്ടിന്ത്യയിൽ നൂററിക്കെഴുപതുപേർ
അക്ഷരമറിയാത്തവ—
രെന്നുപറഞ്ഞാൽ നാണക്കേടല്ലോ
തെയ്യ് താരക തെയ് തെയ്

തോ തിന്തോ തിന്തിമി തിന്തോ
തെയ്യ തിമിന്താരോ (2)

അറിവില്ലാതലയും നമ്മെ
കൊത്തിവലിക്കാനായ്
കഴുകൻമാർ ചുററും ചിറകടി
യോടെ പറക്കുന്നു
അറിയുവിനിന്നവശരെയഗതിക
ളടിമകളേ നിങ്ങൾ
അറിവാകുന്നായുധമേന്തുവിൻ
അഖിലരുമൊരുപോലെ.

(പനങ്ങാട്, പി. കെ. തങ്കപ്പൻപിള്ള)

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്